**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സി.ഡി.എസ് തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(പി)നം. 11/2015/തസ്വഭവ. തിരുവനന്തപുരം, തീയതി, 14/01/2015.

---

പരാമർശം:(1)27.11.2014 ലെ സ.ഉ (പി) നം. 214/2014/തസ്വഭവ നമ്പർ ഉത്തരവ്.

(2)കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.12.14 ലെ കെ.എസ്.എം/7375/2008 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കുടുംബശ്രീ സി.ഡി.എസ് തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ചട്ടം 18.17.2 ൽ "കുടുംബശ്രീ സംഘടനാ സംവിധാനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ (അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ്) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കോ മറ്റു സഹകരണ സ്ഥാപനങ്ങളിലേക്കോ തെരഞ്ഞെടുക്കപ്പെട്ടവർക്കോ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കോ സ്ഥാനാർത്ഥികളാകാൻ അർഹതയില്ലാത്തതും മത്സരിക്കുന്നതിന് യോഗ്യത ഉണ്ടായിരിക്കുന്നതുമല്ലാ"യെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ആയതിന് സ്പഷ്ടീകരണം നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) ലെ കത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ചട്ടം 18.17.2 താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

18.17.2 : കുടുംബശ്രീ സംഘടനാ സംവിധാനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ അയൽക്കൂട്ടം പ്രസിഡന്റ്, സെക്രട്ടറി, എ.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിലേയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കോ മറ്റു സഹകരണ സ്ഥാപനങ്ങളിലേക്കോ തെരഞ്ഞെടുക്കപ്പെട്ടവർക്കോ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കോ

(മറുപുറം)

സ്ഥാനാർത്ഥികളാകാൻ അർഹതയില്ലാത്തതും മത്സരിയ്ക്കുന്നതിന് യോഗ്യതയുണ്ടായിരിയ്ക്കുന്നതുമല്ല.

പരാമർശം (1) സർക്കാർ ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർക്കും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം).
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
എല്ലാ സി.ഡി.എസ്./എ.ഡി.എസ്സ്. കൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
നിയമ (നിയമ നിർമ്മാണ) വകുപ്പ് (28211/ലെഗ്.സി1/2014/നിയമം)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യ) വകുപ്പ് സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്